(സി) പാലക്കാട് ജലവിതരണ വിപുലീകരണ പദ്ധതിക്കുവേണ്ടി 19.20 ലക്ഷം രൂപയും ചിറ്റൂർ-തത്തമംഗലം പദ്ധതിക്കായി 2.44 ലക്ഷം രൂപയും നടപ്പുവർഷം ജനുവരി അവസാനം വരെ ചെലവായിട്ടുണ്ട്.

(ഡി, ഇ) പാലക്കാട് ജലവിതരണ വിപുലീകരണ പദ്ധതിക്കു 100 ലക്ഷം രൂപ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. 1980-ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചിറ്റൂർ-തത്തമംഗലം ശുദ്ധജലവിതരണ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

മണ്ഡുപകുന്ന് കേന്ദ്രമാക്കി ശുദ്ധജലവിതരണപദ്ധതി

1076 [1720] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ നഗരൂർ പഞ്ചായത്തിൽ പേരൂർ—കീഴ്പേരൂർ, ചിത്രനെല്ലൂർ, തലവിള, കടവൂർ, മണ്ഡുപകുന്ന്, വെള്ളല്ലൂർ, എന്നീ പ്രദേശങ്ങൾക്കു ഉപയുക്തമാകുന്ന വിധത്തിൽ മണ്ഡുപകുന്ന് കേന്ദ്രമാക്കി ഒരു ശുദ്ധജലവിതരണകേന്ദ്രം തുടങ്ങാൻ പഞ്ചായത്തിന്റെ നിവേദനം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു എന്നു പറയാമോ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിലെ കാക്കോട്ടുകോണം-മണ്ഡുപകുന്ന് ഹരിജൻ കോളനിയിൽ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തിന്റെ ഒരു പ്രമേയവും, കൂടാതെ പേരൂർ, കീഴ്പേരൂർ, ചിത്രനല്ലൂർ, തലവിള, മണ്ഡുപകുന്ന് എന്നീ പ്രദേശങ്ങളിലേക്ക് ജലവിതരണപദ്ധതി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനവും കിട്ടിയിട്ടുണ്ട്.

(ബി) മേൽപറഞ്ഞ ഹരിജൻ കോളനി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു പ്രയോജനം ലഭിക്കുന്ന ജനറൽ സെക്ടർ സ്കീമിന്റെ ലിസ്റ്റിൽ പെടുത്താനുള്ള നടപടികളും സ്വീകരിക്കുകയും നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന മറ്റു പ്രദേശങ്ങളിലെ ശുദ്ധജലവിതരണ പദ്ധതിക്കുള്ള അപേക്ഷ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുവരികയുമാണ്.

പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ്

1077 [1721] ശ്രീ. സിദ്ധാർത്ഥൻ കാളുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് നടത്തുന്നതിനുള്ള ഇന്നത്തെ മാനദണ്ഡം എന്താണ്;

(ബി) ഈ മാനദണ്ഡം എന്നാണ് നിശ്ചയിച്ചത്;

(സി) ഈ മാനദണ്ഡം നിശ്ചയിച്ചതിനുശേഷം പഞ്ചായത്തുകൾക്കു ഏതെല്ലാം വിധത്തിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവുമൂലം ഓരോ പഞ്ചായത്തിനും ശരാശരി ഒരു വർഷത്തിൽ ഉണ്ടാകുന്ന വരുമാനവർദ്ധനവ് എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർദ്ധിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുമാന സ്ലാബ് വർദ്ധിപ്പിക്കാതിരിക്കാൻ കാരണമെന്താണ് ;

(ഇ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗിനു ഇന്നു എടുക്കുന്ന വരുമാന സ്ലാബ് പുതുക്കി ഇന്നത്തേതിനേക്കാൾ 5 ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ വരുമാനത്തെ ആസ്പദമാക്കിയാണ് അവയുടെ ഗ്രൂപ്പിംഗ് നടത്തുന്നത്. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ വാർഷികവരുമാനമുള്ള പഞ്ചായത്തുകളെ സ്പെഷ്യൽ ഗ്രേഡ് ആയും അൻപതിനായിരത്തിനും ഒരുലക്ഷത്തിനുമിടയ്ക്ക് വരുമാനമുള്ള പഞ്ചായത്തുകളെ ഒന്നാം ഗ്രേഡായും ഇരുപതിനായിരത്തിനും അൻപതിനായിരത്തിനും ഇടയ്ക്കു വരുമാനമുള്ള പഞ്ചായത്തുകളെ രണ്ടാം ഗ്രേഡായും ഇരുപതിനായിരത്തിനു താഴെ വരുമാനമുള്ള പഞ്ചായത്തുകളെ മൂന്നാം ഗ്രേഡായും തരംതിരിച്ചിട്ടുണ്ട്.

(ബി) 1962-ൽ

(സി) 1971-ൽ ഏർപ്പെടുത്തിയ ലാൻഡ് സെസ് പിരിക്കുവാൻ തയ്യാറായ പഞ്ചായത്തുകളുടെ വാർഷിക വരുമാനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പഞ്ചായത്തുകളുടെയും വരുമാനം എടുത്തുപറയത്തക്കവിധം വർദ്ധിപ്പിക്കുവാനുള്ള നികുതികളൊന്നും പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ലാൻഡ് സെസ് പിരിക്കുന്നത് പഞ്ചായത്തുകളുടെ ഇഷ്ടത്തെ ആശ്രയിച്ചാണ്. അതുകൊണ്ട് മൊത്തത്തിൽ പഞ്ചായത്തുകളുടെ വരുമാനം ശാശ്വതമായി വർദ്ധിക്കാത്തതുകൊണ്ട് വരുമാന സ്ലാബ് വർദ്ധിപ്പിച്ചിട്ടില്ല.

(ഇ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റമാവശ്യമുണ്ടോ എന്നുള്ളത് ഗവൺമെന്റ് യഥാസമയം പരിഗണിക്കുന്നതാണ്.

മുന്നറിയിപ്പുകൂടാതെ ജലവിതരണം സ്തംഭിപ്പിച്ചതായി പരാതി

1078 [1722] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : കാഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ കോഴിക്കോട് സന്ദർശനത്തിനോടനുബന്ധിച്ച് ഫയർ സർവീസുകാർക്കു വെള്ളം ശേഖരിക്കുന്നതിനായി പൊതുജനങ്ങൾക്കു യാതൊരു മുന്നറിയിപ്പും കൂടാതെ 26 മണിക്കൂർ നേരത്തേക്കു കോർപ്പറേഷൻ അധികാരികൾ പട്ടണത്തിൽ വെള്ളം വിതരണം ചെയ്തില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തെറ്റു ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തുവോ ;

(സി) ഭാവിയിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly